**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1660** **05-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർവ്വകലാശാലകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഏതൊക്കെ ക്രമക്കേടുകളിൽ ആണ് നടപടി സ്വീകരിച്ചതെന്നും സർവകലാശാല തിരിച്ച് വ്യക്തമാക്കുമോ? | (എ) | **മഹാത്മാഗാന്ധി സർവ്വകലാശാല**<br><br>(1) 2015 ജൂലൈ/ ഒക്ടോബർ മാസങ്ങളിൽ നടന്ന ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാംപിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് ഒരു സെക്ഷൻ ഓഫീസർക്ക് നിർബന്ധിത വിരമിക്കൽ നൽകി 2017-ൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ടി വിഷയം വിജിലൻസ് അന്വേഷണത്തിന് കൈമാറിയിട്ടുള്ളതാണ്.<br><br>(2) എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്തുത വിഷയം വിജിലൻസ് അന്വേഷിച്ച് വരുന്നു.<br><br>**കാലിക്കറ്റ് സർവ്വകലാശാല**<br><br>(1) സർവ്വകലാശാല ഫണ്ട് ദുരുപയോഗം ചെയ്ത സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ഹരീഷ് ജി. യെ സർവീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.<br><br>(2) 2017 ഡിസംബറിൽ നടന്ന MBA പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന്റെ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. പ്രഭാകരൻ പി.വി.-യെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.<br><br>(3) സർവ്വകലാശാലയിൽ LAN സംവിധാനം നടപ്പിലാക്കിയതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടു കളുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ആയ ശ്രീ.മുഹമ്മദ് സാജിദ് ടി.-യെ |

| | | | |
|---|---|---|---|
| | | | സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>(4) വിദ്യാർത്ഥികളിൽ നിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ആരോപണ ങ്ങളിൽ അസിസ്റ്റന്റ് (പ്രൊവിഷണൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. മൻസൂരലി എം.കെ.-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>**<u>കേരള സർവകലാശാല</u>**<br><br>ശ്രീ. വിനോദ് എന്ന സെക്ഷൻ ഓഫീസറെ അനധികൃത മാർക്ക് ദാനവുമായി ബന്ധപ്പെട്ട സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.<br><br>**<u>കണ്ണൂർ സർവ്വകലാശാല</u>** (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1660 അനുബന്ധം

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ക്രമക്കേടുകളുടെ വിശദാംശങ്ങൾ |
|---|---|---|
| 1. | പ്രഭാത് കുമാർ. കെ<br>സെക്ഷൻ ഓഫീസർ<br>(ഹയർ ഗ്രേഡ്) | W.P(C ) No.24347 നമ്പർ കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം തുടർനടപടികൾക്കായി സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടി. |
| 2. | i)ശ്രീ. രഞ്ജിത്ത്. പി.വി,<br>സെക്ഷൻ ഓഫീസർ<br>ii) ശ്രീ. പ്രേമൻ. കെ.പി,<br>സെക്ഷൻ ഓഫീസർ<br>iii)ശ്രീ. പ്രഭാത് കുമാർ. കെ,<br>സെക്ഷൻ ഓഫീസർ<br>iv)ശ്രീ. നന്ദകുമാർ. പി.എൻ,<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>v)ഡോ. ബാലചന്ദ്രൻ കീഴോത്ത്,<br>രജിസ്ട്രാർ | സർവകലാശാലയുടെ ഔദ്യോഗിക രേഖകൾ ചോർന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടി |
| 3. | ശ്രീ. സൂരജ്. കെ.എം<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | ഔദ്യോഗിക കൃത്യ നിർവഹണത്തിൽ വരുത്തിയ വീഴ്ചയുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടി |
| 4. | ശ്രീ. പ്രേമൻ. കെ.പി,<br>സെക്ഷൻ ഓഫീസർ | 1) സർവകലാശാല ഭരണ വിഭാഗ അസിസ്റ്റന്റ് രജിസ്ട്രാർ & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഔദ്യോഗിക പദവിയെ അപമാനിക്കുന്ന രീതിയിലുള്ള പെരുമാറിയതുമായി ബന്ധപ്പെട്ട്.<br>2)സർവകലാശാലക്ക് അപകീർത്തികരമായ വാർത്ത എഴുതി മാധ്യമങ്ങൾക്ക് നൽകിയതുമായി ബന്ധപ്പെട്ട്,<br>3.വൈസ് ചാൻസലറുടെ ഉന്നത പദവിയെ ആക്ഷേപിക്കുന്നതും രാഷ്ട്രീയ പക്ഷപാതിത്വം വെളിപ്പെടുത്തുന്നതുമായ പദപ്രയോഗങ്ങൾ ഉൾപ്പെടുത്തി ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുൻപാകെ കത്ത് നൽകിയതുമായി ബന്ധപ്പെട്ട്,<br>4)മാനസിക സമ്മർദ്ദം, ഓഫീസിനകത്ത് അപമാനിക്കുന്ന തരത്തിലുള്ള പെരുമാറ്റം തുടങ്ങിയവ ആരോപിച്ച് സർവകലാശാലയിലെ വനിതാ ജീവനക്കാരി നൽകിയ പരാതിയുമായി ബന്ധപ്പെട്ട്,<br>5) സർവകലാശാല ഓഫീസിനകത്ത് പ്രവൃത്തി സമയത്ത് അനുമതിയില്ലാതെ ജീവനക്കാരെ സംഘടിപ്പിച്ച് പ്രകോപനപരമായ മുദ്രാവാക്യം മുഴക്കുകയും പ്രസംഗിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട്,<br>6) സർവകലാശാല സെക്യൂരിറ്റി ഓഫീസർ നൽകിയ പരാതിയുമായി ബന്ധപ്പെട്ട്,<br><br>സ്വീകരിച്ച അച്ചടക്ക നടപടികൾ |
| 5. | ശ്രീ. ജയൻ ചാലിൽ, കമ്പ്യൂട്ടർ ഓപ്പറേറ്റർ(ഹയർ ഗ്രേഡ്) | സർവകലാശാല ഓഫീസിനകത്ത് പ്രവൃത്തി സമയത്ത് അനുമതിയില്ലാതെ ജീവനക്കാരെ സംഘടിപ്പിച്ച് പ്രകോപനകരമായ മുദ്രാവാക്യം മുഴക്കുകയും പ്രസംഗിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടി. |

| | | |
|---|---|---|
| 6. | പയ്യന്നൂർ ക്യാമ്പസ്സിലെ രസതന്ത്ര വിഭാഗം പ്രൊഫസർ ആയ ഡോ. കെ.ആർ. ഹരിദാസ് | പൊതുഫണ്ട് ദുർവിനി യോഗം ചെയ്തതുമായി ബന്ധപ്പെട്ട് 22.01.2018 -ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. 30.06.2020 -ന് സസ്പെൻഷൻ പിൻവലിച്ചു. |
| 7. | ഡോ. ഹരിദാസ് കെ.ആർ, ഡോ. ദീപക് എൻ.കെ. | പയ്യന്നൂർ ക്യാമ്പസ്സിൽ ദിവസ വേതന അടിസ്ഥാനത്തിൽ പ്രൊഫഷണൽ അസിസ്റ്റന്റിനെ നിയമിച്ചതിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതി മുമ്പാകെ വിചാരണ ചെയ്യുന്നതിന്, 1988 -ലെ അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 19(1) (സി) പ്രകാരമുള്ള അനുമതി നൽകി. |

Sreelekha

സെക്ഷൻ ഓഫീസർ